(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

സ്ഥിരം ജീവനക്കാർ	..	53
ഡെപ്യൂട്ടേഷൻ മുഖേന	..	7
കാഷ്വൽ വർക്കേഴ്സ്	..	8
കാരാർ അടിസ്ഥാനത്തിൽ		3
ആകെ		71

ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി

156 (2186) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പല യൂണിറ്റുകളും പ്രവർത്തനരഹിതമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; അതിനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന കാലതാമസവും അഴിമതിയും സംരംഭകർക്ക് ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മെഷിനറിയുടെയും അസംസ്കൃത വസ്തുക്കളുടെയും കയറ്റിറക്കു പ്രശ്നവും, നോക്കുകൂലിയും, അട്ടിമറിക്കൂലിയും, തുടർന്നുള്ള സംഘർഷങ്ങളും ചെറുകിട, വൻകിട വ്യവസായങ്ങൾക്ക് ഭീഷണിയാകുന്നു എന്ന സംരംഭകരുടെ പരാതി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് തൊഴിൽ വകുപ്പുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഇ) ചെറുകിട വ്യവസായ സംരംഭകർക്ക് ന്യായവിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും ഉല്പന്നങ്ങൾ വിറ്റഴിക്കാനും എന്തൊക്കെ സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ നാലു വർഷങ്ങളിലെ വ്യവാസായ വളർച്ചാനിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ചില യൂണിറ്റുകൾ പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

പരാധീനത അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉൽപ്പന്ന വിപണനത്തിലെ പ്രശ്നങ്ങൾ മാനേജ്മെന്റ് പരാജയം തുടങ്ങിയവയാണ് ഈ യൂണിറ്റുകൾ പ്രവർത്തനരഹിതമാകാനുള്ള കാരണം

(ബി) ഉണ്ട്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഏകജാലക സംവിധാനങ്ങളും ഗ്രീൻ ചാനൽ കമ്മിറ്റികളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്കാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി എടുക്കുന്നുണ്ട്.

(സി&ഡി) പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ വ്യവസായ വാണിജ്യ ഡയറക്ടർ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) ചെറുകിട വ്യവസായ സംരംഭകർക്ക് ന്യായമായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമായി ചെറുകിട ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഈ ക്ലസ്റ്ററുകളിൽ അസംസ്കൃത വസ്തു ബാങ്ക് രൂപീകരിച്ച് ന്യായമായ വിലയ്ക്ക് അസംസ്കൃത വസ്തു ലഭ്യത ഉറപ്പു വരുത്തുന്നു. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്രതലത്തിൽ വ്യാപാരമേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(എഫ്) 2005-06 മുതൽ 2008-09 വരെയുള്ള വ്യവസായ വളർച്ചാനിരക്ക് ചുവടെ ചേർത്തിരിക്കുന്നു.

Growth of manufacturing sector in Kerala (GSDP)

Year	*Contribtution to GSDP (Rs. Lakhs)*		*Growth Rate (%)*	
	At Constant Prices	*At Current prices*	*At Constant prices*	*At current prices*
2005-06	805882	1009504	7.00	10.62
2006-07	914367	1197663	13.46	18.64
2007-08	951056(P)	1315550(P)	4.01	9.84
2008-09	1026851(Q)	1481561(Q)	8.00	12.62

Source: Dep. of Economics and Statistics

P: Provisional

Q: Quick Estimates

LIBRARY ARCHIVES Kerala Legislative Assembly